**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - മണ്ണാർക്കാട് നിയോജക മണ്ഡലം - അഗളി ഗ്രാമപഞ്ചായത്തിലെ ജനമൈത്രി എക്സൈസ് സ്ക്വാഡിന് ലാപ് ടോപ് വാങ്ങുന്നതിന് 50,000/- രൂപ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 1407/2018/ധന തിരുവനന്തപുരം, തീയതി : 23.02.2018

പരാമർശം :
1. 29.12.2017-ലെ സ.ഉ.(അ) നം. 161/2017/ധന. ഉത്തരവ്
2. ശ്രീ.എൻ.ഷംസുദ്ദീൻ എം.എൽ.എ. ബഹു. ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് 29.01.2018 ന് നൽകിയ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അഗളി ഗ്രാമപഞ്ചായത്തിലെ ജനമൈത്രി എക്സൈസ് സ്ക്വാഡിന് ലാപ് ടോപ് വാങ്ങുന്നതിന് എം.എൽ.എ.മാരുടെ 2017-18-ലെ പ്രത്യേക വികസന നിധിയിൽ നിന്നും 50,000/- രൂപ (അൻപതിനായിരം രൂപ) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ.എൻ.ഷംസുദ്ദീൻ എം.എൽ.എ. പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അഗളി ഗ്രാമപഞ്ചായത്തിലെ ജനമൈത്രി എക്സൈസ് സ്ക്വാഡിന് ലാപ് ടോപ് വാങ്ങുന്നതിന് മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ശ്രീ.എൻ.ഷംസുദ്ദീൻ എം.എൽ.എ.യുടെ 2017-18-ലെ പ്രത്യേക വികസന നിധിയിൽ നിന്നും **50,000/- രൂപ (അൻപതിനായിരം രൂപ മാത്രം)** വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.നരേന്ദ്രൻ പിള്ള**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ശ്രീ.എൻ.ഷംസുദ്ദീൻ എം.എൽ.എ, ഹിൽവ്യൂ നഗർ, പെരിമ്പാടി പി ഒ, മണ്ണാർക്കാട്, പാലക്കാട്
ജില്ലാ കളക്ടർ, പാലക്കാട്
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No. NC-B1/30/2018-FIN)

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**